പ്രധാന കാരണങ്ങളായി വിലയിരുത്തിയിട്ടുണ്ട്. മാത്രമല്ല സർക്കാർ ആവിഷ്ക്കരിക്കുന്ന വിവിധ നിക്ഷേപപദ്ധതികൾ/കടാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം സഹകരണസ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തിക്കിട്ടാത്തതും ക്രമരഹിതമായ പൊതുഫണ്ട് വിനിയോഗം വായ്പാനിക്ഷേപ അനുപാതത്തിലുണ്ടാകുന്ന സാരമായ വ്യത്യാസങ്ങൾ, ഭരണസമിതിയുടെയും ജീവനക്കാരുടെയും കെടുകാര്യസ്ഥതയും ക്രമക്കേടുകളും വിഭവസമാഹരണത്തിൽ നിരന്തര ശ്രദ്ധ പുലർത്താത്തതും സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നതിന് പ്രധാനപ്പെട്ട കാരണങ്ങളായി വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ 32 എണ്ണം ലിക്വിഡേഷൻ നടപടികൾ നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ഉചിതമായ പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതിപ്രകാരം പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി സാമ്പത്തികസഹായം നൽകുകയും സഹകരണ വികസനക്ഷേമനിധി ഫണ്ടിൽനിന്നും കുറഞ്ഞ പലിശനിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കിയും സംഘത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തിയും പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്. അതോടൊപ്പം സംഘങ്ങളുടെ വായ്പാകുടിശ്ശിക പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും എസ്റ്റാബ്ലിഷ്മെന്റ് ആന്റ് കണ്ടിജൻസി ചെലവ് നിയന്ത്രിക്കുകയും യഥാസമയം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും കുടിശ്ശിക പത്ത് ശതമാനത്തിൽ താഴെയാക്കി കുറച്ചുകൊണ്ടുവരികയും തിരിച്ചടയ്ക്കാനുള്ള കഴിവുകൂടി കണക്കിലെടുത്ത് വായ്പ നൽകുകയും ധനസഹായബാങ്കിന്റെ സഹകരണത്തോടുകൂടി പ്രത്യേകപദ്ധതി അംഗീകരിച്ച് സോഫ്റ്റ് ലോൺ അടക്കമുള്ള സാമ്പത്തികസഹായം ലഭ്യമാക്കുകയും ചെയ്താൽ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ നഷ്ടത്തിൽനിന്നും കരകയറ്റി പ്രവർത്തനം പുനരുദ്ധരിക്കുവാൻ സാധിക്കും. സംഘം മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും അഴിമതികളിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കുകയും അംഗങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുകയും സഹകരണ വകുപ്പ് ഇക്കാര്യത്തിൽ മുഖ്യപങ്ക് വഹിച്ചും സംഘം പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് കഴിയും.

സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾ

19 (*619) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾക്ക് പ്രോത്സാഹന സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുതയൂണിറ്റുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രോത്സാഹനങ്ങൾ നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-സി) ഉണ്ട്. വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സൗരോർജ്ജ സംവിധാനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരുയൂണിറ്റ് സൗരോർജ്ജ വൈദ്യുതിക്ക് ഒരുരൂപവീതം ഇൻസെന്റീവായി നൽകുന്നകാര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. ഇതിനായി ഒരു ഡിസ്ക്കഷൻ പേപ്പർ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഇതിനെക്കുറിച്ച് പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. 13-7-2014-നുമുമ്പ് അഭിപ്രായങ്ങൾ കമ്മീഷനെ അറിയിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പൊതുജനങ്ങളുടെ അഭിപ്രായംകൂടി പരിശോധിച്ചശേഷം കമ്മീഷൻ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 സൗരഗൃഹ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് സബ്സിഡി നിരക്കിൽ 10000 റൂഫ്ടോപ്പ് പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് നടപടികൾ ആയിട്ടില്ല.

സർക്കാർ പണമിടപാടുകൾക്ക് ആധുനിക സംവിധാനങ്ങൾ

20 (*620) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾ തമ്മിലും, പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ധനപരമായ ഇടപാടുകൾ ഇപ്പോഴും, ക്യാഷ്,ഡി.ഡി. സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പ്യൂട്ടർവത്ക്കരണം സമ്പൂർണ്ണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പണമിടപാടുകൾക്ക് മെയിൽ ട്രാൻസ്ഫർ പോലുള്ള ആധുനിക രീതികൾ ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly